## കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "2018 ജൂൺ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 21-06-2018-ന് സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച പ്രസ്തുത ബില്ലിൻമേലുള്ള പരിഗണന നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് അതുസംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് കഴിയാത്ത സാഹചര്യത്തിൽ

കാര്യോപദേശക സമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട്, 21-06-2018-ന് സഭ പരിഗണിക്കാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 25-06-2018 ലേയ്ക്ക് മാറ്റാനും പകരം 25-06-2018-ന് പരിഗണിക്കാൻ തീരുമാനിച്ചിരുന്ന

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണന 21-06-2018-ലേക്ക് മാറ്റാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.